# FINANCIAL ASSISTANCE AVAILABLE FROM GOVERNMENT OF KERALA TO SC/ST STUDENTS

## 1. e-grantz

As per order no. **G.O.(Ms.)No.101/2008/SCSTDD,** 20th October 2008, Government of Kerala introduced e-grantz project in this state. This is a computerised process by which students can avail their educational benefits. According to this process the students can obtain the assistance directly through their bank accounts using ATM facilities. The bank account for e-grantz can be opened only through their educational institution.

**How to apply for e-grantz?**

i) Get Application for 'e-grantz' from the nearest Akshaya Centre.

ii) Attach the following documents with the application form

- Community Certificate issued by the Thahasildar.
- Income Certificate (within six months)issued by the Village Officer.
- Attested copies of qualifying certificates.
- Bank account application with two passport size photos.

Website: http://www.e-grantz.kerala.gov.in

**Contact:** District Development Officer for SC
District Development Office
Civil Station, Kakkanadu - 682 030
Phone No: 0484 2422256.

**2. SNGCE Scholarship Schemes.**

**21. Scholarship to Meritorious Students**

| | | |
|---|---|---|
| **Civil Engg.<br>Mechanical Engg.<br>Computer Science & Engg.** | **KEAM Rank up to 5000 or PCM marks more than 97%(State)/ 95%(CBSE)** | **No Tuition Fees** |
| | **KEAM Rank up to 5001-10000 or PCM marks between 93-97%(State)/90-95%(CBSE)** | **Yearly Scholarships Rs.25,000/-** |
| | **KEAM Rank up to 10001-15000 or PCM marks between 83-93%(State)/85-90%(CBSE)** | **Yearly Scholarship Rs.15,000/-** |
| **Electrical & Electronics Engg.<br>Electronics & Communication Engg.** | **KEAM Rank up to 15000 or PCM marks between 87-93%(State)/85%(CBSE)** | **No Tuition Fees** |

**2.2 Scholarship to Ezhava Students.**

**For details contact college office.**

## കേരള സർക്കാർ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
## മെരിറ്റ് - കം-മീൻസ് സ്കോളർഷിപ്പ് - 2018-19

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമകാര്യ മന്ത്രാലയം കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട (ക്രൂസ്ത്യൻ, മുസ്ലീം, സിക്ക്, പാഴ്സി, ബുദ്ധ, ജൈന) വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2018-19 അദ്ധ്യയന വർഷത്തിൽ നൽകുന്ന മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (പുതിയതായി അപേക്ഷിക്കുന്നവരും പുതുക്കാനായി അപേക്ഷിക്കുന്നവരും) ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. അർഹരായ വിദ്യാർത്ഥികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഓൺലൈനായി നിശ്ചിത തീയതിയ്ക്കകം അപേക്ഷ നൽകേണ്ടതതാണ്. .

(1) അപേക്ഷകർ ന്യൂനപക്ഷ സമുദായങ്ങളായ ക്യൂസ്ത്യൻ, മുസ്ലിം, പാഴ്സി, ബുദ്ധ, സിക്ക്, ജൈന സമുദായങ്ങളിൽ പെട്ടവരായിരിക്കണം

(2) അപേക്ഷകർ കേരള സംസ്ഥാനത്തിൽ ജനിച്ചവരായിരിക്കണം

(3) അപേക്ഷകർ കേന്ദ്ര സർക്കാർ അംഗീകരിച്ച പട്ടിക പ്രകാരമുള്ള ഏതെങ്കിലും സാങ്കേതിക/ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവരായിരിക്കണം

(4) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
( ഹയർ സെക്കന്ററി/ ബിരുദ തലത്തിൽ കുറഞ്ഞത് 50% മാർക്ക് വാങ്ങി വിജയിച്ചവരായിരിക്കണം)
ഒന്നാം വർഷം പ്രൊഫഷണൽ ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് +2 വിന് കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി തലത്തിൽ കിട്ടിയ ആകെ മാർക്കിന്റെ ശതമാനം ആയിരിക്കും പി.ജി.തലത്തിൽ സ്കോളർഷിപ്പിന് കണക്കാക്കുന്നത. ആകെ മാർക്കിന് വ്യതിയാനം സംഭവിക്കുന്ന പക്ഷം അത്തരം അപേക്ഷകൾ മറ്റ് കാരണങ്ങൾ കൂടാതെ നിരസിക്കുന്നതായിരിക്കും.

(6) അപേക്ഷകൻ/ അപേക്ഷക ഇപ്പോൾ പഠിച്ച്കൊണ്ടിരിക്കുന്ന കോഴ്സിന് മറ്റ് യാതൊരു വിധ സ്കോളർഷിപ്പോ സ്റ്റൈപ്പന്റോ സ്വികരിക്കുവാൻ പാടില്ല

(7) അപേക്ഷകർക്ക് ഐ.എഫ്.എസ് കോഡുള്ള ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. (ജോയിന്റ് അക്കൗണ്ട് പാടില്ല.)

(8) ഒരു കുടുംബത്തിൽപ്പെട്ട രണ്ടിൽ കൂടുതൽ കുട്ടികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(9) സ്കോളർഷിപ്പിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് വെബ് പോർട്ടൽ ആയ www.scholarship.gov.in ൽ ലഭ്യമാണ്. കൂടാതെ www.minorityaffairs.gov.in എന്ന ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിലും മെരിറ്റ് കം- മീൻസ് സ്കോളർഷിപ്പ് അപേക്ഷയ്ക്കുള്ള ലിങ്ക് ലഭ്യമാണ്.

(10) സ്കോളർഷിപ്പ് നൽകുന്നത് കേന്ദ്ര ഗവണ്മെന്റിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.. ഓൺലൈൻ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ഓഫ്‌ലൈൻ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓൺലൈൻ അപേക്ഷകളുടെ (Fresh/Renewal) പ്രിൻഡഡ് കോപ്പികളുടെ പകർപ്പോ കോപ്പികളോ ഈ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല.

(11) പുതുതായി ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർക്ക് നിലവിലെ അവസാന തീയതി ആയ 2018 സെപ്റ്റംബർ 30-ാം തീയതി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ചവർ നിർബ്ബന്ധമായും പുതുക്കലിനാണ് (renewal) അപേക്ഷിക്കേണ്ടത്

(12) മുൻ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് അനുമതി (sanction) ലഭിച്ചിട്ടും ബാങ്ക് അക്കൗണ്ട് വഴി തുക ലഭിക്കാതിരുന്ന അപേക്ഷകർ ഈ വർഷം പുതുക്കലിനാണ് (renewal) അപേക്ഷ നൽകേണ്ടത് പുതുക്കലിന് പകരം പുതുതായി അപേക്ഷ സമർപ്പിച്ചാൽ അപേക്ഷ നിരസിക്കുന്നതാണ്.

(13) അപേക്ഷകർക്ക് ആധാർ കാർഡ് ഉണ്ടായിരിക്കണം. ആധാർ കാർഡ് അപേക്ഷയോടൊപ്പം നൽകുന്ന ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കുന്നു. ഇങ്ങനെ ചെയ്യുന്നത് വഴി തുക വിതരണം ചെയ്യുന്ന നടപടിക്ക് കൃത്യതയും വേഗതയും കൈവരുന്നു. ആധാർ കാർഡ് ഇല്ലാത്തവരുണ്ടെങ്കിൽ 21.4.2017-ലെ എസ്.ഒ 1284 ( ഇ )നമ്പരിലുള്ള കേന്ദ്ര ഗസറ്റ് വിഞ്ജാപനത്തിൽ പറയുന്ന മറ്റേതെങ്കിലും തിരിച്ചറിയൽ രേഖയുടെ വിവരങ്ങൾ നൽകേണ്ടതാണ്.

(14) വാസ്തവ വിരുദ്ധമായ വിവരങ്ങൾ നൽകുന്നവരുടെ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല..

കൂടുതൽ വിവരങ്ങൾക്ക് 9497723630, 0471-2561214 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
സ്റ്റേറ്റ് നോഡൽ ഓഫീസർ(എം.സി.എം)
കേരളം

എഎസ്